# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.*12 — 8/02/2016-ന് മറുപടിക്ക്

## സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം

**ചോദ്യം**

ശ്രീ.റ്റി.യു.കുരുവിള
ശ്രീ.സി.എഫ്.തോമസ്
ശ്രീ.തോമസ് ഉണ്ണിയാടൻ
ശ്രീ.മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 2011 ന് ശേഷം സംസ്ഥാനത്ത് എക്കാലത്തെയും കൂടിയ നിയമനം പി.എസ്.സി.വഴി നടത്തുവാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടി ക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നു. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി നിയമനം ലഭിക്കുന്ന തസ്തികകളായ LGS, LDC, Assistant/Auditor തസ്തികകളുടെ നിയമനത്തിൽ, ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ നിയമനം വർഷാവർഷം നടത്തി വരുന്നു. One-Time Registration, One-Time Verification എന്നീ സംവിധാനങ്ങളിലൂടെ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ സൗകര്യം ലഭിച്ചു. ഇതു വഴി അപേക്ഷകൾ പരിശോധന നടത്തുന്നതിന് പി.എസ്.സി.ക്ക് കൂടുതൽ വേഗതയും കൃത്യതയും കൈവരിക്കുവാൻ സാധിച്ചു. ഓൺലൈൻ പരീക്ഷാ സമ്പ്രദായം ആവിഷ്കരിക്കുകയും തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ സ്വന്തമായി ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇത് തെരഞ്ഞെടുപ്പിന്റെ വേഗതയും |

| | | | |
|---|---|---|---|
| | | | കൃത്യതയും കൂടുതൽ ഉറപ്പുവരുത്തുവാൻ ഇടവരുത്തുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതു വരെയുള്ള മേഖലയിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടന്നു വരുന്നു. 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന 3000-ലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2015 ഡിസംബർ വരെ ആകെ 1,43,103 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനം നൽകുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്റ്റ് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. പി.എസ്.സി.വഴി നിയമനം ലഭിച്ച ഉദ്യോഗസ്ഥർക്ക 18 ദിവസം നീണ്ടു നിൽക്കുന്ന ഇൻഡക്ഷൻ പരിശീലന പരിപാടി കേരള സർക്കാരിന്റെ കീഴിലുള്ള സ്വയം ഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) നടത്തുന്നു. കൂടാതെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ പദ്ധതി പ്രകാരവും ഇൻഡക്ഷൻ പരിശീലനം നടത്തുന്നു. ഈ പരിശീലനം പുതുതായി നിയമനം ലഭിച്ച എല്ലാപേർക്കും എത്തിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ